സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 06.12.2023

നമ്പർ. ഇ.എ-2/2069/23/ഡി.ടി.ഇ

**<u>സർക്കുലർ</u>**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് - പ്രതിമാസ പ്രവർത്തനാവലോകന റിപ്പോർട്ട് - സ്ഥാപന മേധാവികൾക്ക് വിവരങ്ങൾ വെബ്സൈറ്റിൽ നൽകുന്നതിനുള്ള സംവിധാനം - സംബന്ധിച്ച്

സൂചന :- 1. 15.11.2014 തീയതിയായുള്ള സർക്കാർ സർക്കുലർ 23406/എ.ആർ. 14(2)/14/ഉ.ഭ.പ.വ.
2. 12.05.2022 തീയതിയായുള്ള സർക്കാർ കത്ത് നം. എ.ആർ. 14(2)/5/ഉ.ഭ.പ.വ.
3. 20.11.2023 തീയതിയായുള്ള ഈ കാര്യാലയത്തിലെ ഇതേ നമ്പർ സർക്കുലർ.

വകുപ്പിൽ നിന്നും ഔദ്യോഗിക ഭാഷ സംബന്ധിച്ചുള്ള **മാസവലോകന റിപ്പോർട്ട്, പട്ടികജാതി/പട്ടികവർഗ്ഗ പ്രതിനിധ്യ മാസവലോകന റിപ്പോർട്ട്, പ്രതിമാസ പ്രവർത്തന പത്രിക, സേവനവകാശ റിപ്പോർട്ട്** എന്നീ റിപ്പോർട്ടുകൾ മാസം തോറും സർക്കാരിൽ അയക്കേണ്ടതായുണ്ട്. സ്ഥാപനങ്ങളിൽ നിന്നും കൃത്യമായ വിവരങ്ങൾ ലഭ്യമാകാത്തതിനാൽ ടി റിപ്പോർട്ടുകൾ അയക്കുന്നതിൽ കാലതാമസം നേരിടുന്ന സാഹചര്യത്തിൽ, **ഡാറ്റ ശേഖരിക്കുന്നതിന് വെബ് പോർട്ടൽ വഴി ഒരു സംവിധാനം ഒരുക്കിയിട്ടുണ്ട്.**

ഈ വകുപ്പിൻറ്റെ കീഴിലുള്ള എല്ലാ ആഫീസ് മേധാവികളും പ്രതിമാസ പ്രവർത്തനാവലോകന റിപ്പോർട്ട്, മൊഡ്യൂളിലേക്ക് പോയി ഓരോ ടാബിലും **എല്ലാ മാസവും 5-ാം തീയതിക്ക് മുമ്പ്** തന്നെ ഡാറ്റ സമർപ്പിക്കേണ്ടതാണെന്ന് പരാമർശം 3 പ്രകാരം അറിയിച്ചിട്ടുള്ളതാണ്.

എന്നാൽ പല ആഫീസ് മേധാവികളും ഇത്തരത്തിൽ ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ടി വിഷയത്തിൽ അതീവ പ്രാധാന്യം നൽകി എല്ലാ മാസവും സമയബന്ധിതമായി സ്ഥാപന മേധാവികൾ പ്രസ്തുത മൊഡ്യൂളിൽ ഡാറ്റാ സമർപ്പിക്കേണ്ടതാണ്. ഇതിൽ നടപടി കൈകൊള്ളുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കടുത്ത വകുപ്പുതല അച്ചടക്ക നടപടികൾ കൈകൊള്ളുന്നതിലേയ്ക്കായുള്ള ശിപാർശ സർക്കാരിന് സമർപ്പിക്കുമെന്നും അറിയിക്കുന്നു.

സുനിൽ കുമാർ സി വി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

1. എല്ലാ സ്ഥാപന/ഓഫീസ് മേധാവികൾക്കും
2. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

Approval Valid

Digitally Approved By
സുനിൽ കുമാർ സി വി

Draft #5 of File EA2/2069/23/DTE Approved by Senior Administrative Officer on 06-Dec-2023 08:37 AM - Page 1

Date: 06.12.2023
Reason: Approved

Draft #5 of File EA2/2069/23/DTE Approved by Senior Administrative Officer on 06-Dec-2023 08:37 AM - Page 2

The document is digitally approved. Hence signature is not needed.